"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം-എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കു അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് (ഓഫീസ് അറ്റന്റന്റ് /ഫുൾ ടൈം മീനിയൽ) സേവനം കൂടി ചേർത്ത് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.24/2024/GEDN തീയതി,തിരുവനന്തപുരം, 20-11-2024

---

പരാമർശം:-
1. 08/08/2008 ലെ 46/2008/ധന നമ്പർ സർക്കുലർ
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 24/05/2023 ലെ ആർ 5/7757/2023/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കു അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് (ഓഫീസ് അറ്റന്റന്റ് /ഫുൾ ടൈം മീനിയൽ) സേവനം കൂടി ചേർത്ത് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരമുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :-

സമയബന്ധിത ഹയർ ഗ്രേഡുകൾ സംബന്ധിച്ച് നിലനിൽക്കുന്ന പ്രധാന ഉത്തരവായ പരാമർശം 1 ലെ ഖണ്ഡിക 4 ൽ ഇപ്രകാരം വ്യക്തമാക്കുന്നു:-

“The service rendered in the entry post and reckoned for normal increments shall be treated as qualifying service for granting higher grades."

കെ.ഇ.ആർ അധ്യായം XXIV എ ചട്ടം 1 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന അനധ്യാപക തസ്തികകൾ പാർട്ട് ടൈം മീനിയൽ, ഫുൾ ടൈം മീനിയൽ, ഓഫീസ് അറ്റന്റന്റ് (പ്യൂൺ), ക്ലർക്ക് എന്നിവയാണ്. ടി റൂളിന് ചുവടെയുള്ള Explanation II ഇപ്രകാരം പറയുന്നു: "The post of Lower Division Clerk sha ll be filed up by promotion of attenders, peons, sweepers and other staff, if they possess the qualification prescribed for the post of Lower Division Clerk.” ആയതിനാൽ കെ.ഇ.ആർ അധ്യായം XXIV എ ചട്ടം 1 പ്രകാരം ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ പ്രൊമോഷൻ തസ്തിക ആണ് ക്ലാർക്ക് തസ്തിക. എൻട്രി തസ്തികയെ

അടിസ്ഥാനമാക്കി ആണ് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. ഈ സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലാർക്ക് ആകുന്നവരുടെ എൻട്രി തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തിക ആണ് എന്നുള്ളത് കൊണ്ട് ക്ലർക്കുമാർക്കു അവരുടെ ലാസ്റ്റ് ഗ്രേഡ് സേവനം കണക്കിലെടുത്ത് അതാത് ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദിഷ്ട സേവനകാലം പൂർത്തിയാക്കുന്ന മുറയ്ക്ക് ടി ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരമുള്ള അർഹമായ സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചു നൽകാവുന്നതാണ്. നിർദ്ദിഷ്ട കാലപരിധിക്കുള്ളിൽ പ്രൊമോഷൻ ലഭിച്ചിട്ടുണ്ട് എങ്കിൽ ടി ഗ്രേഡിനു അർഹത വരുന്നതല്ല. മാത്രമല്ല, എയ്‌ഡഡ് സ്കൂളുകളിൽ ക്ലാർക്ക് തസ്തികയ്ക്ക് മുകളിൽ റഗുലർ പ്രൊമോഷൻ തസ്തികകൾ നിലവിൽ ഇല്ലാത്തതിനാൽ എയ്‌ഡഡ് സ്കൂൾ ക്ലാർക്കുമാർക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ അതാതു ശമ്പളപരിഷ്കരണ ഉത്തരവുകളിലെ പട്ടിക പ്രകാരമുള്ള സ്കെയിലുകളിലേ അനുവദിക്കാൻ സാധിക്കു. പ്രൊമോഷൻ തസ്തികകളുടെ സ്കെയിലിൽ അനുവദിക്കാൻ സാധിക്കില്ല.

3. സർക്കാർ സേവനത്തിൽ പ്രവേശിക്കുന്ന ക്ലർക്കുമാർക്ക് യു.ഡി ക്ലർക്ക്, ഹെഡ് ക്ലർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ സൂപ്രണ്ട്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് എന്നിങ്ങനെ ധാരാളം പ്രൊമോഷൻ സാധ്യതകൾ നിലനിൽക്കുന്നു. എന്നാൽ എയ്‌ഡഡ് സ്കൂളുകളിലെ ക്ലർക്കുമാർക്ക് മേൽ പ്രൊമോഷൻ സാധ്യതകൾ ഇല്ല. കാരണം മേൽ പ്രസ്താവിച്ച തസ്തികകൾ എയ്‌ഡഡ് സ്കൂളുകളിൽ അനുവദിച്ചിട്ടില്ല. എയ്‌ഡഡ് സ്കൂളുകളിൽ പ്രവേശിക്കുന്ന ഒരു ക്ലർക്ക് അതേ തസ്തികയിൽ തന്നെ റിട്ടയർ ആകുന്നു. ഇത്തരക്കാർക്ക് മേൽ പ്രകാരമുള്ള പ്രൊമോഷൻ അനുവദനീയമല്ലാത്തതിനാൽ ആണ് ഇവർക്ക് 8, 15, 22, 27 വർഷങ്ങളിൽ സമയ ബന്ധിത ഹയർ ഗ്രേഡുകൾ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ളത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എയ്‌ഡഡ് സ്കൂൾ ക്ലാർക്കുമാർക്കു അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് (ഓഫീസ് അറ്റന്റന്റ് /ഫുൾ ടൈം മീനിയൽ) സേവനം കൂടി ചേർത്ത് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഒട്ടനവധി വിധിന്യായങ്ങൾ വരുന്നതിനാലും ഇവ പ്രത്യേകം പ്രത്യേകം പരിഗണിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടു ഒഴിവാക്കുന്നതിനുമായി ഈ വിഷയത്തിൽ ഒരു പൊതു ഉത്തരവ് ചുവടെപ്പറയുന്ന പ്രകാരം പുറപ്പെടുവിക്കുന്നു:-

എയ്‌ഡഡ് സ്കൂൾ ക്ലർക്കുമാർ പ്രധാനമായും രണ്ടു രീതിയിലുള്ളവരാണ്

a) ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്നവരും

b) ക്ലർക്ക് തസ്തികയിൽ സേവനമാരംഭിച്ച് ക്ലർക്ക് തസ്തിക എൻട്രി തസ്തികയായി തുടരുന്നവരും.

മേൽ പ്രസ്താവിച്ച രണ്ടു കൂട്ടർക്കും ഒരുപോലെയല്ല സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. KER Chapter XXIV A ലെ Rule 1 ന്റെ കീഴിലെ Explanation II പ്രകാരം The post of Lower Division Clerk shall be filled up by promotion of Attenders, Peons, Sweepers and other staff, if they possess the qualification prescribed for the Lower Division Clerk എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതായത്, എൻട്രി തസ്തികയെ അടിസ്ഥാനമാക്കിയാണ് സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുന്നത്. അതിനാൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും പ്രൊമോഷൻ ലഭിച്ച് ക്ലർക്കാവുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ എൻട്രി തസ്തിക ലാസ്റ്റ് ഗ്രേഡ് തന്നെയായിരിക്കും. (for the purpose of granting time bound higher grades ) ഇത്തരക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിർദ്ദിഷ്ട വർഷ യോഗ്യതാ സേവനകാലയളവുകൾ പൂർത്തിയാക്കുന്ന മുറയ്ക്ക് സമയബന്ധിത ഹയർ ഗ്രേഡുകൾ ചുവടെപ്പറയുന്ന വ്യവസ്ഥകളോടെ അനുവദിക്കാവുന്നതാണ്:-

i) എയ്ഡഡ് സ്കൂളുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക എഫ്.ടി.എം. , പ്യൂൺ, സ്വീപ്പർ, വാച്ച്മാൻ എന്നിങ്ങനെ പല തസ്തികകൾ ഉൾപ്പെട്ടതാണ്. ഇവരിൽ നിന്നും ക്ലർക്ക് തസ്തികയ്ക്ക് വേണ്ട യോഗ്യതകൾ നേടിയിട്ടുള്ളവരെ മാത്രമാണ് ടി പ്രൊമോഷന് പരിഗണിക്കുന്നത്. ലാസ്റ്റ് ഗ്രേഡിൽ നിന്നും ആദ്യ പ്രൊമോഷനായി ക്ലർക്ക് നിയമനം ലഭിക്കുന്നവർക്ക് ആദ്യ സമയ ബന്ധിത ഹയർ ഗ്രേഡ് ലഭിക്കുന്നതിന് അർഹതയില്ല.

ii) എന്നാൽ ലാസ്റ്റ് ഗ്രേഡിൽ തന്നെ എഫ്.ടി.എം ആയി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് ആദ്യമായി പ്യൂൺ പ്രൊമോഷൻ ലഭിക്കുകയും (ഒരേ സ്കെയിലാണെന്നതിനാൽ അഡ്വാൻസ് ഇൻക്രിമെന്റ് മാത്രമാണ് ടി അവസരത്തിൽ നല്കുന്നത് എന്നതിനാൽ) ടിയാളുകൾക്ക് എഫ്.ടി.എം, പ്യൂൺ എന്നീ തസ്തികകളിൽ തന്നെ തുടരുകയാണെങ്കിൽ അഡ്വാൻസ് ഇൻക്രിമെന്റ് നല്കാതെയുള്ള ശമ്പളം കണക്കിലെടുത്ത് ഒന്നാം സമയ ബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചു നൽകാവുന്നതും തുടർന്നാണ് ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്നതെങ്കിൽ രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡിനായിരിക്കും അർഹതയില്ലാതാകുന്നത്.

iii) ലാസ്റ്റ് ഗ്രേഡിൽ നിന്നും ഗ്രേഡ് ലഭിച്ച ശേഷമോ അല്ലാതെയോ ക്ലർക്ക് പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാർക്ക് തുടർന്ന് അർഹമായ ഗ്രേഡുകൾ കണക്കാക്കേണ്ടത് ക്ലർക്ക് തസ്തികയിലെ ഗ്രേഡുകൾ എന്നല്ല, മറിച്ച് എൻട്രി തസ്തികയായ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ലഭിക്കേണ്ട തുടർ ഗ്രേഡുകളാണ്. അതിൻപ്രകാരം ശമ്പള പരിഷ്കരണ ഉത്തരവുകളിലെ List of Standard scales ലെ (അനക്സർ I) പ്രകാരം ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലുകളിലാണ് ഇത്തരക്കാർക്ക് തുടർ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കുവാൻ അർഹതയുള്ളത്.

മേൽ പ്രസ്താവിച്ച i) മുതൽ iii) വരെയുള്ള വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട് എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കു അവരുടെ മുൻകാല ലാസ്റ്റ് ഗ്രേഡ് സേവനം കൂടി എൻട്രി തസ്തികയായി കണക്കാക്കി സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
അഡിഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ഡയറക്ടർ മുഖേന )

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ &ഇ ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (19/08/2023 ലെ Edn-A1/163/2023-Fin നമ്പർ റിമാർക്സ് പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
N K Sheena
Date: 20-11-2024 12:39:51
സെക്ഷൻ ഓഫീസർ